# ദേശീയപാത : പൊതുഇടം, സഞ്ചാരം, സ്വാതന്ത്ര്യം

**തൃശൂരിലെ** പാലിയേക്കരയിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ബി.ഒ.ടി ചുങ്കപ്പാതയ്ക്കെതിരായുള്ള ജനകീയസമരം വ്യാപകമായ പൊതുജനപിന്തുണ കിട്ടേണ്ട അടിസ്ഥാനപരമായ ഒരാവശ്യത്തിന്മേലുള്ളതാണ്. നാം പൊരുതി നേടിയ സഞ്ചരിക്കാനുള്ള അവകാശം തിരിച്ചുപിടിക്കാനുള്ള സ്വാതന്ത്ര്യസമരമാണ്. പൊതുറോഡുകൾ സ്വകാര്യവത്കരിച്ച് പൊതുഗതാഗതസംവിധാനം ഇല്ലാതാക്കുന്ന ഈ ചുങ്കപ്പാത ആത്മാഭിമാനമുള്ള ഒരു കേരളീയനും അംഗീകരിക്കാനാവില്ല. ദേശീയപാത - 47 രണ്ട് വരിയാക്കി വികസിപ്പിച്ച ഈ പദ്ധതിയിൽ ബിൽഡ്, ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ സംവിധാനത്തിലൂടെ നമ്മുടെ പൊതുസ്വത്തും വഴിയും തട്ടിക്കൊണ്ടുപോയിരിക്കുകയാണ്. പൊതുവഴികൾ പൊതുജനത്തിന് ലഭ്യമല്ലാതാകുന്നു. കേരളത്തിലെ മുഖ്യധാരാ രാഷ്ട്രീയപാർട്ടികളെല്ലാം, പ്രത്യേകിച്ച് ഇടത്-വലത് സർക്കാരുകൾ ജനങ്ങൾക്കെതിരായ കുറ്റകരമായ ഗൂഢാലോചനയിലൂടെ ജനശത്രുക്കളായി മാറിയിരിക്കുന്നു. വേറൊരുരീതിയിൽ പറയുകയാണെങ്കിൽ കോൺഗ്രസ്സും സി.പി.എമ്മും സി.പി.ഐയും ബി.ജെ.പിയും ജനങ്ങൾക്കെതിരെ ഭീകരപ്രവർത്തനം നടത്തിയിരിക്കുകയാണ്.

ധാർമ്മികത നഷ്ടപ്പെട്ട രാഷ്ട്രീയപ്രസ്ഥാനങ്ങൾ ജനവഞ്ചകരാകുമ്പോൾ നമ്മൾ ജനങ്ങൾ എന്തുചെയ്യും? പുതുക്കി വികസിപ്പിച്ച ബി.ഒ.ടി റോഡിൽ പൂന്തോട്ടമുണ്ടാക്കിയതുകൊണ്ടോ വലിയ വിളക്കുകൾ സ്ഥാപിച്ചതുകൊണ്ടോ അപകടമുണ്ടായാലുടനെ ആശുപത്രിയിലേക്ക് ചുങ്കപ്പാതക്കാർ കൊണ്ടുപോകുന്നതുകൊണ്ടോ പ്രശ്നം മറയ്ക്കാനാവില്ല. പലതരം നികുതികളായി ഓരോ പൗരനും പലതരം വാഹന ഉടമകളും നൽകിവരുന്ന നികുതിപ്പണത്തിന് കണക്കുണ്ടാക്കുമ്പോഴേ ബി.ഒ.ടി കൊള്ളയുടെ ഭീകരത പുറത്തുവരൂ. ഈ അഴിമതി റോഡ് നിർമ്മിക്കാൻ രാഷ്ട്രീയ - ഉദ്യോഗസ്ഥ - കോൺട്രാക്ടർ മാഫിയ കൈക്കലാക്കിയ, ഇനിയും തട്ടിപ്പറിക്കുന്ന ഭീമമായ തുകയുടെ മാത്രം പ്രശ്നമല്ല. നമ്മുടെ പൊതുരാഷ്ട്രീയത്തിന്റെ മരണമണിയാണിത്. പൊതുവിഭവങ്ങൾ കോർപ്പറേറ്റ് താത്പര്യങ്ങൾക്ക് വേണ്ടി കൈമറിച്ച് കൊടുക്കുന്നതിന്റെ പ്രത്യക്ഷചതി. ഇതനുവദിച്ച് കൊടുക്കാൻ ഒരു ജനാധിപത്യസംവിധാനത്തിലെ ആത്മാഭിമാനമുള്ള ഒരു ജനതയ്ക്കുമാവില്ല. കാരണം പുതുതായി വരുന്ന എല്ലാ വികസനപദ്ധതികളും - വിമാനത്താവളം മുതൽ മെട്രോറെയിൽ വരെ പി.പി.പി (പൊതു - സ്വകാര്യ കൂട്ടുകെട്ട്)യിലൂടെ സ്വകാര്യത്തിന് കൊലചെയ്യാൻ വിട്ടുകൊടുക്കുകയാണ്. നമ്മുടെ പൊതുവിഭവങ്ങൾ - വെള്ളം, വായു, ഭൂമി, കൃഷി, ആരോഗ്യം... ഇങ്ങനെ വിട്ടുകൊടുത്താൽ പിന്നെ നമ്മളില്ല.